## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4118

26/06/2013 - ൽ മറുപടിക്ക്

### ജലപാത വികസനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സണ്ണി ജോസഫ്:<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. പി.എ.മാധവൻ:<br>ശ്രീ. എം.എ.വാഹീദ് : | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ജലപാത വികസന പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുളള നടപടികൾക്കായി പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; | (എ) സംസ്ഥാനത്ത് പതിമൂന്നാം ധനകാര്യ കമ്മീഷൻ ധനസഹായത്തോടെയും നബാർഡിന്റെ സഹായത്തോടെയും സംസ്ഥാന ഫണ്ട് ഉപയോഗിച്ചും സംസ്ഥാനത്ത് ജലപാതാ വികസന പുനരുദ്ധാരണപ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ബി) ഉണ്ടെങ്കിൽ ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (ബി) മേൽപ്പറഞ്ഞ സഹായങ്ങളുപയോഗിച്ച് സംസ്ഥാനത്തെ ജലപാത സംസ്ഥാന ജലപാതയുടെ മാനദണ്ഡങ്ങൾക്കനുസരിച്ച് വികസിപ്പിച്ചെടുക്കുകയാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യം, തദ്വാരാ കരമാർഗ്ഗമുളള ചരക്കു ഗതാഗതക്കുരുക്കുകൾ ഒഴിവാക്കുവാനും ചെലവുകുറഞ്ഞതും പരിസ്ഥിതിക്ക് കൂടുതൽ അനുയോജ്യവും, ടൂറിസം വികസന സാദ്ധ്യത വർദ്ധിപ്പിച്ചുമുളള ഗതാഗതം ജലപാതയുടെ വികസനം മൂലം സാദ്ധ്യമാകുന്നതാണ്. |

(സി) എത്ര തുകയാണ് ഇതിനായി അനുവദിച്ചിട്ടുളളത് ;

(സി) പതിമൂന്നാം ധനകാര്യകമ്മീഷനിൽ ഉൾപ്പെടുത്തി 100 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നബാർഡിന്റെ ധനസഹായത്തോടെ വടകര- മാഹി കനാലിന്റെ പണിക്ക് 23 കോടി രൂപയും ഇ.കെ.കനാലിന്റെ നിർമ്മിതിയ്ക്ക് 2.41 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പണികൾ പുരോഗമിച്ചു വരുന്നു. അതു കൂടാതെ, ഫീഡർ കനാലുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കും നബാർഡിൽ തുക അനുവദിച്ചിട്ടുണ്ട്. സംസ്ഥാന ഫണ്ടുപയോഗിച്ചുളള വിവിധ പദ്ധതികൾക്ക് 2717 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ; വിശദമാക്കുമോ ?

(ഡി) കേരളത്തിലെ ദേശീയ ജലപാതയായ കൊല്ലം-കോട്ടപ്പുറം പാതയുടെ ഇരുഭാഗത്തുമുളള ജലപാതകളായ കോവളം മുതൽ കൊല്ലം വരെയും കോട്ടപ്പുറം മുതൽ നീലേശ്വരം വരെയുമുളള പാതകൾ മുൻഗണന നൽകി വികസിപ്പിച്ചുവരുന്നു. ഇതിന്റെ ഭാഗമായി 1965 മുതൽ മുടങ്ങിക്കിടന്ന വടകര-മാഹി കനാലിന്റെ നിർമ്മാണം 115 കോടി രൂപ മുതൽ മുടക്കിൽ ഏറ്റെടുത്തിട്ടുണ്ട്. ഇതുകൂടാതെ തിരുവനന്തപുരം മുതൽ കൊല്ലം വരെയുളള പാതയുടെ വികസനവും വിവധഘട്ടങ്ങളിൽ പുരോഗമിക്കുകയാണ്. കോട്ടയം മേഖലയിലുളള ഫീഡർ കനാലുകളുടെ വികസനവും നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ